# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.1461 16/03/15-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

### റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
| --- | --- |
| (എ)<br>അടുത്ത മൂന്ന് സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; | അടുത്ത മൂന്ന സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ കേന്ദ്ര സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി)<br>ഇതിന്റെ ഭാഗമായി പതിനാലാം ധനകാര്യ കമ്മീഷൻ എന്തെല്ലാം വ്യവസ്ഥകൾ ശിപാർശ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് ലഭിക്കുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേക വ്യവസ്ഥകൾ ശിപാർശ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത ശുപാർശ കേന്ദ്ര ഗവണ്മെന്റ് തത്വത്തിൽ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. കൂടാതെ സംസ്ഥാനത്തിന്റെ റവന്യൂ വർദ്ധനവിനും ധന ദൃഢീകരണ നടപടികൾക്കും അനുസരിച്ചായിരിക്കും പ്രസ്തുത ഗ്രാന്റ് അനുവദിക്കുകയെന്നും കേന്ദ്ര ഗവണ്മെന്റ് നടപടി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി)<br>സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കുള്ള എല്ലാ നിബന്ധനയും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; നിബന്ധനകൾ വിശദമാക്കാമോ; | റവന്യൂ കമ്മി ഗ്രാന്റിന്റെ വ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗരേഖ ഇതുവരെ കേന്ദ്ര ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടില്ല. ഇത് ലഭിക്കുന്ന മുറക്ക് മാത്രമേ ഇതു സംബന്ധിച്ച സംസ്ഥാന നിലപാട് വ്യക്തമാക്കാൻ കഴിയൂ. |
| (ഡി)<br>ഇത് സംബന്ധമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ